"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ്- ജീവനക്കാര്യം - ശ്രീമതി. ജയ എസ്. ഫയൽ ചെയ്ത O.A.1284/2024 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/10/2024 തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.3033/2024/H&FWD തീയതി, തിരുവനന്തപുരം, 13-12-2024

---

പരാമർശം:-
1. സ.ഉ (പി) നമ്പർ 3/2017/ഉ.ഭ.പ.വ തീയതി 25/02/2017
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.1284/ 2024 നമ്പർ കേസിന്റെ 24/10/2024 തീയതിയിലെ അന്തിമ ഉത്തരവ്
3. ശ്രീമതി ജയ എസ് സമർപ്പിച്ച 01/11/2024 തീയതിയിലെ അപ്പീൽ
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18-11-2024 തീയതിയിലെ DHS/18863/2024-EE5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കുറത്തികാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്ത് വരുന്ന ശ്രീമതി ജയ എസ്-ന് സ്ഥലംമാറ്റം നൽകി മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ നിയമിച്ചിരുന്നു. ഇതിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A.1284/2024 നമ്പറായി കേസ് ഫയൽ ചെയ്യുകയും പരാമർശം (3) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും ചെയ്തിരുന്നു.

2. O.A. 1284/2024 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ ശ്രീമതി ജയ എസ്. സമർപ്പിക്കുന്ന നിവേദനം പരിഗണിച്ച്, കോടതി ഉത്തരവ് കിട്ടി ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

3. പ്രസ്തുത കോടതിയുത്തരവിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി ജയ എസ്. സമർപ്പിച്ച നിവേദനത്തിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. കൊല്ലം ചടയമംഗലം PHC- യിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയി ജോലി നോക്കവേ ആണ് ടിയാൻ സീനിയർ നഴ്സിംഗ് ഓഫീസർ ആയി സ്ഥാനക്കയറ്റം ലഭിച്ച് ആലപ്പുഴ ജില്ലയിലെ കുറത്തികാട് CHC- യിൽ ജോലിയിൽ പ്രവേശിച്ചത്.

4. പൊതു തെരഞ്ഞെടുപ്പിന്റെ സമയത്ത് യാതൊരുവിധ സ്ഥലം മാറ്റവും പരിഗണിക്കാൻ

കഴിയുമായിരുന്നില്ല എന്നതിനാലും നഴ്സിങ് വിഭാഗം ജീവനക്കാരുടെ ഒഴിവു നികത്താതെ കിടക്കുന്നതു രോഗീ പരിചരണത്തെ ബാധിക്കുമെന്നതിനാലും നഴ്സിംഗ് ഓഫീസർ തസ്തികയിലെ പി എസ് സി റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായതിനാലും തത്കാലം സീനിയർ ആയ ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകാതെ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ജീവനക്കാർക്ക് സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ടി ഒഴിവുകൾ നികത്തി. ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവിൽ സ്ഥാനക്കയറ്റത്തോടൊപ്പം നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനം താത്കാലികമാണെന്നും പൊതു സ്ഥലം മാറ്റ സമയത്ത് മറ്റു സീനിയർ ആയ ജീവനക്കാരുടെ അപേക്ഷ പരിഗണിക്കുമ്പോഴും ഇവരുടെ നിയമനം പുന:പരിശോധിക്കുന്നത് ആണെന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇതനുസരിച്ചാണ് ശ്രീമതി ജയ എസ് - നു തത്കാലത്തേക്ക് കുറത്തികാട് CHC യിലേക്കു സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ചത്.

5. പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ച ശേഷം ബാക്കിയുള്ള ഒഴിവുകളിലേക്ക്, ഒഴിവില്ലാത്ത കാരണത്താൽ സ്വന്തം ജില്ലയിൽ നിന്നും സ്ഥാനക്കയറ്റ സമയം മറ്റു ജില്ലകളിലേക്ക് സ്ഥലം മാറ്റപ്പെട്ട സീനിയർ ആയ ജീവനക്കാർക്ക് അവരുടെ അപേക്ഷ പ്രകാരം സ്ഥലം മാറ്റം നൽകി. ഇതു പൊതു സ്ഥലം മാറ്റ ഉത്തരവ് ആയിരുന്നില്ല. ഒഴിവുള്ള സ്ഥാപനങ്ങളിലേക്കുള്ള സീനിയർ ആയ ജീവനക്കാർക്ക് അനുവദിച്ച സ്ഥലം മാറ്റം മാത്രമായിരുന്നു. പൊതു സ്ഥലം മാറ്റവും അതിനു ശേഷമുണ്ടായിരുന്ന ഒഴിവുകളിലേക്കും സ്ഥലം മാറ്റം നൽകി കഴിഞ്ഞു ഉണ്ടായ ഒഴിവുകളിലേക്കാണ് 23/5/2024 തീയതിയിൽ, സ്ഥാനക്കയറ്റം നൽകി തത്കാലം സ്വന്തം ജില്ലയിലോ അടുത്തുള്ള ജില്ലകളിലോ നിയമനം നൽകിയ ജീവനക്കാർക്ക് അനുവദിച്ച സ്ഥലം പരിഷ്കരിച്ച് ഉത്തരവായത്. ഇപ്രകാരമാണ് ശ്രീമതി ജയക്ക് മലപ്പുറം തിരൂരങ്ങാടിയിലേക്കു റിപോസ്റ്റിംഗ് നൽകുന്നത്. ശ്രീമതി.ജയയെക്കാൾ വളരെ മുൻപ് സ്ഥാനക്കയറ്റം ലഭിച്ച കണ്ണൂർ, കാസർഗോഡ്, വയനാട് തുടങ്ങിയ ജില്ലകളിൽ സേവനമനുഷ്ഠിക്കുന്ന ധാരാളം ജീവനക്കാർ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലേക്ക് മടങ്ങി വരുന്നതിനു സ്ഥലം മാറ്റ അപേക്ഷ നൽകിയിരുന്നു. സീനിയർ ആയ ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകിയപ്പോഴാണ് തത്കാലത്തേക്ക് ഈ സ്ഥാപനങ്ങളിൽ സ്ഥാനക്കയറ്റം വഴി നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഒഴിവുള്ള ഇടങ്ങളിലേക്കു സ്ഥാനക്കയറ്റം റിവ്യൂ ചെയ്ത് ഉത്തരവായത്. അതിനാൽ തന്നെ ജീവനക്കാരിൽ നിന്നും അപ്പീൽ സ്വീകരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

6. ശ്രീമതി ജയക്ക് സ്ഥാനക്കയറ്റം അനുവദിച്ച ഉത്തരവിൽ തന്നെ സീനിയർ ആയ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിക്കുമ്പോൾ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് അനുവദിച്ച സ്ഥാപനം ആവശ്യമെങ്കിൽ പുന: ക്രമീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. അതിനാലാണ് ശ്രീമതി ജയ എസ്- ന് ആലപ്പുഴ ജില്ലയിലെ കുറത്തികാട് CHC- യിൽ ലഭിച്ച നിയമനം പുനപരിശോധിച്ച് മലപ്പുറം ജില്ലയിലേക്ക് പോസ്റ്റിങ്ങ് നൽകിയത്. ഇതു സ്ഥാനക്കയറ്റത്തോടൊപ്പമുള്ള പോസ്റ്റിങ്ങ് ആയി മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ.

7. ആലപ്പുഴ ജില്ലയിലെ കുറത്തികാട് CHC- യിൽ നില നിർത്തുകയോ അല്ലെങ്കിൽ കൊല്ലം ജില്ലയിലെ കടക്കൽ സി.എച്ച്.സി-യിലേക്ക് സ്ഥലം മാറ്റം അനുവദിക്കുകയോ ചെയ്യണമെന്നാണ് അപേക്ഷകയുടെ ആവശ്യം. ശ്രീമതി. ജയയെക്കാൾ വളരെ സീനിയർ ആയ മൂന്ന് വർഷത്തിൽ

കൂടുതൽ ഒരു സ്ഥാപനത്തിൽ ജോലി നോക്കിയ ജീവനക്കാരിക്കാണ് കുറത്തിക്കാട് പി. എച്ച് . സി.- യിലേക്ക് പൊതു സ്ഥലം മാറ്റത്തിൽ നിയമനം നൽകിയിട്ടുള്ളത്. കുറത്തികാട് സി.എച്ച്.സി-യിൽ സീനിയർ നഴ്സിംഗ് ഓഫീസറുടെ ഒരു അനുവദിക്കപ്പെട്ട തസ്തിക മാത്രമാണുള്ളത്. ശ്രീമതി ജയ എസ്. ഇവിടെ ജോലി നോക്കുമ്പോൾ തന്നെയാണ് ഇവിടേക്കു കരട് പട്ടികയിലും തുടർന്ന് അന്തിമ പട്ടികയിലും മറ്റൊരാളെ നിയമിച്ചത്. കരട് പട്ടികയും പിന്നീട് അന്തിമ പട്ടികയും പ്രസിദ്ധീകരിച്ച ശേഷവും, പരാതി ഉള്ളവർക്ക് അപ്പിൽ നല്ലാൻ അവസരം നൽകിയിരുന്നു. എന്നാൽ അപ്പോഴൊന്നും ഇവിടേക്കു മറ്റൊരാളെ നിയമിച്ചു എന്ന് കണ്ടിട്ടും ശ്രീമതി ജയ. എസ് അപ്പിൽ അപേക്ഷ നൽകിയിരുന്നില്ല. കൊല്ലം ജില്ലയിൽ ടിയാളെക്കാൾ സീനിയർ ആയ കൊല്ലം ജില്ലയിൽ വേക്കൻസി ഇല്ലാത്തതിനാൽ മറ്റു ജില്ലകളിലേക്ക് നിയമിക്കപ്പെട്ട ഇരുപത്തി അഞ്ചോളം ജീവനക്കാർ സ്ഥലം മാറ്റത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ശ്രീമതി ജയ എസ്. ഫയൽ ചെയ്ത കേസിൽ ടിയാൾ അപ്പീൽ നൽകുന്നതിന് സമയം ലഭിച്ചിട്ടില്ലെന്നാണ് അവകാശപ്പെടുന്നത്. എന്നാൽ പൊതു സ്ഥലം മാറ്റത്തിനു മാത്രമാണ് അപ്പീലിന് അവസരം കൊടുക്കുന്നത്. തന്റെ ഭർത്താവിന് 2 തവണ ഹാർട്ട് സർജറി കഴിഞ്ഞതാണെന്നും ഭർതൃമാതാവ് 2024 ൽ മരണപെട്ടുവെന്നും മകൾക്ക് ഡിസബിലിറ്റിയുണ്ടെന്നും (25% intelligence disability) ആയതിനാൽ അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് അനുകൂല തീരുമാനം ഉണ്ടാകണമെന്നും ടിയാൾ അപേക്ഷിച്ചിട്ടുണ്ട്.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മകൾക്ക് ഡിസെബിലിറ്റി ഉണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷക ഹാജരാക്കിയിട്ടില്ല. ഭർത്താവിന്റെ അസുഖസംബന്ധമായ കാര്യം അനുകമ്പാർഹമായ സാഹചര്യമായി കണക്കാക്കാൻ സാധിക്കില്ല. ആയതിനാൽ കൊല്ലം ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കണമെന്ന ശ്രീമതി ജയ എസ്-ന്റെ അപേക്ഷ പരിഗണിക്കുവാൻ കഴിയുകയില്ല. ടിയാക്ക് അനുവദിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച ശേഷം അപേക്ഷ തരുമ്പോൾ മാത്രം മറ്റ സ്ഥലം മാറ്റ അപേക്ഷകളോടൊപ്പം അർഹതക്കനുസരിച്ച് സ്ഥലംമാറ്റം സംബന്ധമായ ചട്ടങ്ങൾ പാലിച്ച് ഇനി വരുന്ന ഒഴിവുകളിൽ ഒന്നിൽ ടിയാൾക്കു സ്ഥലം മാറ്റം അനുവദിക്കാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. മേൽ സാഹചര്യത്തിൽ ശ്രീമതി ജയ എസ് സമർപ്പിച്ച തീയതിയിലെ നിവേദനം നിരസിക്കുന്നു. ഇത്തരുണത്തിൽ O.A.1284/2024 നമ്പർ കേസിന്റെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24/10/2024 തീയതിയിലെ ഉത്തരവ് അനുപാലനം ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )

ആരോഗ്യവകുപ്പ് ഡയറക്ടർ , തിരുവനന്തപുരം,

ശ്രീമതി ജയ എസ്, തെക്കേവിള വീട്, കരിമ്പിൻ കോണം, ഏരൂർ പി.ഓ, ഏരൂർ, അഞ്ചൽ, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ&ഇ )കേരള ,തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Prijith. G
Date: 13-12-2024 11:11:33

സെക്ഷൻ ഓഫീസർ